**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** | **30-06-2022 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി ലോല മേഖല സംബന്ധിച്ച സുപ്രീം കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല ആയിരിക്കും എന്ന സുപ്രീം കോടതി വിധി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ കൂടിയാലോചിക്കുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറൽ, ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം 08-06-2022 ന് ചേർന്നിരുന്നു. ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പിലാക്കുകയാണെങ്കിൽ അത് ഉത്തരവ് പ്രകാരം ആവശ്യമാകുന്ന സംരക്ഷിത പ്രദേശങ്ങളുടെ അതിർത്തികളിൽ നിന്നും ഒരു കിലോമീറ്റർ പരിധിയിൽ വരുന്ന ജനവാസ മേഖലയെ ബാധിക്കുമെന്ന് യോഗം പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പരിസ്ഥിതി ലോല മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ബഹു.സുപ്രീം കോടതിയുടെ ഉത്തരവിൻമേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. അപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് രേഖാ മൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനേയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും ബോധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം സംരക്ഷിത മേഖലകളുടെ അതിർത്തികളിൽ നിന്നും ഒരു കിലോമീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ജനവാസ കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം പഠന റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിലെ ജനസാന്ദ്രതയും പ്രത്യേക സാഹചര്യങ്ങളും ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി പൊതുതാൽപര്യാർത്ഥം പ്രസ്തുത ഒരു കിലോമീറ്റർ പരിസ്ഥിതി ലോല പ്രദേശം എന്ന നിർദ്ദേശത്തിൽ ഇളവ് നേടാൻ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാൽ കോടതി വിധി സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നതിന്റെ പൂർണ്ണചിത്രം ബഹു. സുപ്രീം കോടതിയേയും സെൻട്രൽ എംപവേർഡ് കമ്മിറ്റിയേയും കേന്ദ്ര സർക്കാരിനേയും ബോധ്യപ്പെടുത്താൻ സാധിക്കുന്നതാണ്. ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം നേരത്തേ തന്നെ നൽകിയ പുതുക്കിയ ഇക്കോ സെൻസിറ്റാവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് , ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിന് വകുപ്പ് തലത്തിൽ കത്തയച്ചിട്ടുണ്ട്. കൂടാതെ വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഒരു കത്ത് കേന്ദ്ര പരിസ്ഥിതി-വനം വകുപ്പ് മന്ത്രിയ്ക്കും അയച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് സുപ്രീം കോടതി വിധിയിൽ നിന്നും ഇളവ് നേടാൻ നടപടി സ്വീകരിക്കുമോ? | (സി) | ബഹു.സുപ്രീം കോടതിയുടെ ഉത്തരവിൻമേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. അപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് രേഖാ മൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനേയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും ബോധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം സംരക്ഷിത മേഖലകളുടെ അതിർത്തികളിൽ നിന്നും ഒരു കിലോമീറ്റർ പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ജനവാസ |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം പഠന റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിലെ ജനസാന്ദ്രതയും പ്രത്യേക സാഹചര്യങ്ങളും ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി പൊതുതാൽപര്യാർത്ഥം പ്രസ്തുത ഒരു കിലോമീറ്റർ പരിസ്ഥിതി ലോല പ്രദേശം എന്ന നിർദ്ദേശത്തിൽ ഇളവ് നേടാൻ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാൽ കോടതി വിധി സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നതിന്റെ പൂർണ്ണചിത്രം ബഹു. സുപ്രീം കോടതിയേയും സെൻട്രൽ എംപവേർഡ് കമ്മിറ്റിയേയും കേന്ദ്ര സർക്കാരിനേയും ബോധ്യപ്പെടുത്താൻ സാധിക്കുന്നതാണ്. ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം നേരത്തേ തന്നെ നൽകിയ പുതുക്കിയ ഇക്കോ സെൻസിറ്റാവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട് , ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിന് വകുപ്പ് തലത്തിൽ കത്തയച്ചിട്ടുണ്ട്. കൂടാതെ വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഒരു കത്ത് കേന്ദ്ര പരിസ്ഥിതി-വനം വകുപ്പ് മന്ത്രിയ്ക്കും അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ